പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -3004 | 10.05.2017-ൽ മറുപടിക്ക്

## അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിനെതിരെയുള്ള വിജിലൻസ് അന്വേഷണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.അനിൽ അക്കര | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| എ) | തൃശ്ശൂർ ജില്ലയിലെ അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിനെതിരെ സഹകരണ വകുപ്പ് നടത്തിയ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ടോ? | എ) | തൃശ്ശൂർ ജില്ലയിലെ അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിന്റെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി നടത്തിയ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണത്തിന് ഉത്തരവായിട്ടുണ്ട്. |
| ബി) | സഹകരണ വകുപ്പ് നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയ എന്തെല്ലാം ക്രമക്കേടുകളുടെ അടിസ്ഥാനത്തിലാണ് വിജിലൻസ് അന്വേഷണത്തിന് ശുപാർശ ചെയ്തിട്ടുള്ളത്; സഹകരണ വകുപ്പ് സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | ബി) | ബാങ്കിന്റെ അംഗത്വ രജിസ്റ്ററിൽ കൃത്രിമം കാണിച്ച് അനർഹരായ വ്യക്തികളെ തിരുകി കയറ്റിയതായും, നിയമ വിരുദ്ധമായി വായ്പകൾ നൽകിയിട്ടുള്ളതായും, സോഫ്റ്റ് വെയർ സംവിധാനങ്ങളെ ദുരുപയോഗപ്പെടുത്തി കണക്കുകളിൽ വ്യാപകമായ ക്രമക്കേടുകൾ നടത്തിയതായും, മുൻ ബാങ്ക് പ്രസിഡന്റ് ഡയറക്ടർ ആയിട്ടുള്ള സ്വകാര്യ കമ്പനിയ്ക്ക് മതിയായ ഈട് വാങ്ങാതെ 15 കോടി രൂപ ഓവർ ഡ്രാഫ്റ്റ് അനുവദിച്ച നൽകിയതായും, വായ്പാ കുടിശ്ശികകൾക്ക് സർക്കാർ കാലാകാലങ്ങളിൽ പ്രഖ്യാപിക്കുന്ന ആശ്വാസ് തുടങ്ങിയ പദ്ധതി വഴി അനർഹകർക്ക് ഇളവുകൾ നൽകി വ്യാപകമായ ക്രമക്കേടുകൾ നടത്തിയിട്ടുള്ളതായും; ബാങ്കിന്റെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി നടത്തിയ |

| | | | |
|---|---|---|---|
| | | | പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് വിജിലൻസ് അന്വേഷണത്തിന് സഹകരണ വകുപ്പ് ശുപാർശ ചെയ്തത്. സഹകരണ സംഘം രജിസ്ട്രാർ ലഭ്യമാക്കിയ കത്തിന്റെ പകർപ്പ് അനുബന്ധമായി കൊടുക്കുന്നു. |
| സി) | ആർക്കെല്ലാമെതിരെയാണ് വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ടിട്ടുള്ളത്; ഇതിൽ ബാങ്ക് ജീവനക്കാർ ഉൾപ്പെടെയുള്ളവർക്കെതിരെ അന്വേഷണം നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ എന്തു കാരണത്താലാണ് ജീവനക്കാരെ അന്വേഷണ പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്തുമോ ? | സി) | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി കണ്ടെത്തിയ ക്രമക്കേടുകൾ സംബന്ധിച്ചാണ് വിജിലൻസ് അന്വേഷണത്തിന് ഉത്തരവായത്. |

സെക്ഷൻ ഓഫീസർ

നമ്പർ.സി.പി.(1)18587/17

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി : 20/4/2017

സഹകരണ സംഘം രജിസ്ട്രാർ
തിരുവനന്തപുരം.

ഗവൺമെന്റ് സ്പെഷ്യൽ സെക്രട്ടറി,
സഹകരണ വകുപ്പ്,
ഗവൺമെന്റ് സെക്രട്ടറിയേറ്റ്,
തിരുവനന്തപുരം.

സഹകരണ (ഒ.എസ്) വകുപ്പ്
22 APR 2017
ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം

സർ,

വിഷയം: സഹകരണവകുപ്പ് – അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക്– ഭരണസമിതി തീരുമാന പ്രകാരം വിശദമായ പരിശോധന നടത്തുന്നത് – സംബന്ധിച്ച്.

സൂചന : തൃശ്ശൂർ ജോയിന്റ് രജിസ്ട്രാറുടെ 19/4/2017 ലെ സിആർപി 6567/16 നംപർ കത്ത്.

സൂചനയിലേയ്ക്ക് സർക്കാരിന്റെ ശ്രദ്ധ സദയം ക്ഷണിക്കുന്നു. തൃശ്ശൂർ ജില്ലയിലെ അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിൽ, തൃശ്ശൂർ ജോയിന്റ് രജിസ്ട്രാറുടെ 12/4/2017 ലെ സിആർപി 6567/16 നംപർ ഉത്തരവ് പ്രകാരം അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ചാർജെടുക്കുകയും ടി കമ്മിറ്റി ബാങ്കിൽ നടന്നുവരുന്ന ഇടപാടുകൾ സംബന്ധിച്ച് ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ പരിശോധന നടത്തുകയും അതിൽ ബാങ്കിന്റെ അംഗത്വ രജിസ്റ്ററിൽ കൃത്രിമം കാണിച്ച് അനർഹമായ വ്യക്തികളെ തിരുകികയറ്റിയതായും, നിയമ വിരുദ്ധമായി വായ്പകൾ നൽകിവരുന്നതായും , സോഫ്റ്റ് വെയർ സംവിധാനങ്ങളെ ദുരുപയോഗപ്പെടുത്തി കണക്കുകളിൽ ക്രമക്കേടുകൾ നടത്തിയിട്ടുള്ളതായും, മുൻ ബാങ്ക് പ്രസിഡന്റ് ശ്രീ. എംവി. രാജേന്ദ്രൻ ഡയറക്ടറായിട്ടുള്ള തൃശ്ശൂർ പാഡി ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയ്ക്ക് ഈട് വാങ്ങാതെ 15 കോടി രൂപ ഓവർ ഡ്രാഫ്റ്റ് അനുവദിച്ച് നൽകിയതായും, സംഘത്തിൽ വ്യാപകമായ ക്രമക്കേടുകൾ നടന്നിട്ടുള്ളതായും കണ്ടെത്തിയിട്ടുണ്ട്. ആയതിനാൽ ടി വിഷയത്തിൽ ഉന്നത തലത്തിലുള്ള അന്വേഷണവും വിശദമായ പരിശോധനയും ആവശ്യമാണെന്ന് ബോദ്ധ്യപ്പെട്ടതിനാൽ സർക്കാർ നിയന്ത്രണത്തിലുള്ള ഉന്നത അധികാരികൾ/ ഏജൻസികൾ മുഖേന അന്വേഷണം നടത്തി നിജസ്ഥിതി കണ്ടുപിടിക്കണമെന്ന് ബാങ്ക് അഡ്മിനിസ്ട്രേ

റ്റീവ് കമ്മിറ്റി തീരുമാനം കൈകൊണ്ട് ആയതിൽ പ്രകാരം ജോയിന്റ് രജിസ്ട്രാർ സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ശുപാർശ ചെയ്ത് അപേക്ഷയും അനുബന്ധങ്ങളും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

താങ്കളുടെ വിശ്വസ്തൻ
ഒപ്
അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)
സഹകരണ സംഘം രജിസ്ട്രാർക്കുവേണ്ടി

ഉള്ളടക്കം :– 1

ആജ്ഞാനുസരണം

അസിസ്റ്റന്റ് രജിസ്ട്രാർ (സിപി – എ)

സെക്ഷൻ ഓഫീസർ